**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - 2017-2018 വർഷത്തെ ഗ്രീൻ ബുക്കിൽ ഉൾപ്പെട്ടിരുന്ന ശുചിത്വ കേരളം റൂറൽ, ശുചിത്വ കേരളം അർബൻ എന്നിവയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുളള ഭരണാനുമതി ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.822/2018/തസ്വഭവ തിരുവനന്തപുരം, തീയതി 26.03.2018

---

പരാമർശം :- 1. 06.04.2017 ലെ സ.ഉ.(സാധാ) നം 1096/2017/തസ്വഭവ നമ്പർ ഉത്തരവ്

2.ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.01.2018 -ലെ 1367/D/2017/SM നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം 1 ഉത്തരവ് പ്രകാരം 2017-2018 വർഷത്തെ ഗ്രീൻ ബുക്കിൽ ഉൾപ്പെട്ടിരുന്ന ശുചിത്വ കേരളം റൂറൽ ( ആകെ 5167/- ലക്ഷം രൂപ ), ശുചിത്വ കേരളം അർബൻ (ആകെ 1909/- ലക്ഷം രൂപ) എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശുചിത്വ കേരളം റൂറൽ പദ്ധതിയിൽ 2515-00-101-68 എന്ന കണക്ക് ശീർഷകത്തിൽ ഗ്രാമ പ്രദേശങ്ങളിലെ മഴക്കാലപൂർവ ശുചീകരണ ക്യാമ്പയിന് 1100 ലക്ഷം രൂപ ലഭ്യമാക്കിയിരുന്നു. ഗ്രാമപഞ്ചായത്തുകളിലെ മഴക്കാലപൂർവ ശുചീകരണ ക്യാമ്പയിന് ആവശ്യമായി കാണക്കാക്കിയിരിക്കുന്ന തുകയായ 1596.20 ലക്ഷം രൂപയിൽ 2515-00-101-68 (റൂറൽ) എന്ന കണക്ക് ശീർഷകത്തിൽ 01.01.2018 ന ലഭ്യമായിട്ടുള്ള തുകയായ 81. 82 ലക്ഷം രൂപ കഴിച്ചാൽ ബാക്കി ആവശ്യമായി വരുന്ന തുക 1514.38 ലക്ഷം രൂപ ആണെന്നും, നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ ഘടകത്തിൽ ഇനി അനുവദിക്കാൻ ബാക്കിയുള്ള തുക 825 ലക്ഷം രൂപ മാത്രമാണ് എന്നും ഈ സാഹചര്യത്തിൽ 689.38 ലക്ഷം രൂപ അധികമായി വേണ്ടി വരുമെന്നും, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ നിലവിൽ പുറപ്പെടുവിച്ചിട്ടുള്ള ഭരണാനുമതി ഉത്തരവിൽ 2515-00-101-68 (റൂറൽ) എന്ന കണക്ക് ശീർഷകത്തിൽ നിലവിൽ പ്രീ മൺസൂൺ ക്യാമ്പയിനിനു അനുവദിച്ചിരിക്കുന്ന തുകയായ 1100 ലക്ഷം രൂപ എന്നതിന് പകരം 1789.38 ലക്ഷം രൂപ (1100 ലക്ഷം + അധികമായി നീക്കിവയ്ക്കുന്ന 689.38 ലക്ഷം രൂപ) എന്ന് പുതുക്കി നിശ്ചയിച്ചും, അധികമായി കണ്ടെത്തിയ തുക ഇതേ ശീർഷകത്തിലെ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും അതിന് പകരം വയ്ക്കാവുന്ന നൂതന ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും പ്രോത്സാഹനവും, ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള നൂതന പദ്ധതികൾ എന്നീ ഘടകങ്ങളിൽ നിന്ന് കുറവ് ചെയ്തും ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കണമെന്നു ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. നഗരപ്രദേശങ്ങളിലെ പ്രീ മൺസൂൺ ക്യാമ്പയിൻ നടപ്പിലാക്കുന്നതിന് 18.39 ലക്ഷം രൂപ അധികമായി വരുമെന്നും, ഇതിനോടകം ഭരണാനുമതി നൽകി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ 2515-00-101-71 (അർബൻ ) എന്ന കണക്ക് ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 1909 ലക്ഷം രൂപയിൽ തരം തിരിവ് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ അധികമായി വരുന്ന തുക പുനഃക്രമീകരണം നടത്തി കണ്ടെത്തേണ്ടതില്ല എന്നും എന്നാൽ 2515-00-101-71 (അർബൻ ) എന്ന കണക്ക് ശീർഷകത്തിൽ പ്രീ മൺസൂൺ ക്യാമ്പയിനിനു മാത്രമായി ആകെ 413.39 ലക്ഷം രൂപ (അധികമായി വേണ്ടതുൾപ്പടെ) എന്ന് വകയിരുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു. കൂടാതെ 2515-00-101-68 (റൂറൽ) എന്ന കണക്ക് ശീർഷകത്തിൽ നിന്ന് ഇനി ലഭിക്കുവാനുള്ള തുകയായ 1514.38 ലക്ഷം രൂപയും 2515-00-101-71 (അർബൻ ) എന്ന കണക്ക് ശീർഷകത്തിൽ നിന്ന് ഇനി ലഭിക്കാനുള്ള 314.64 ലക്ഷം രൂപയും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിലുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് നം.2-ലേക്ക് അതാത് കണക്കുശീർഷകത്തിൽ നിന്നും ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം 2 പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ കേരളം (റൂറൽ) പദ്ധതിയിലെ (H/A 2515-00-101-68) ഖരദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള നൂതന പദ്ധതികൾ' (ബഡ്ജറ്റ് വിഹിതം 600 ലക്ഷം രൂപ) എന്ന ഘടകത്തിൽ നിന്നും 345 ലക്ഷം രൂപയും 'പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും പകരം ഉപയോഗിക്കാവുന്ന ഉല്പന്നങ്ങളും സേവനങ്ങളും സംബന്ധിച്ച നൂതനമായ മാർഗ്ഗങ്ങൾ കണ്ടെത്തൽ' (ബഡ്ജറ്റ് വിഹിതം 612 ലക്ഷം രൂപ) എന്ന ഘടകത്തിൽ നിന്നും 344.38 ലക്ഷം രൂപയും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ എന്ന ഘടകത്തിലേക്ക് വകയിരുത്തിക്കൊണ്ട് പ്രസ്തുത ഘടകത്തിന്റെ വിഹിതം 1100 ലക്ഷം രൂപ എന്നതിൽ നിന്നും 1789.38 ലക്ഷം രൂപ എന്ന് പുതുക്കി നിശ്ചയിച്ചു കൊണ്ടും ശുചിത്വ മിഷൻ മുഖേന നഗര വികസനരേഖയിൽ നടപ്പിലാക്കുന്ന 'നഗരപ്രദേശങ്ങൾക്കുവേണ്ടിയുള്ള മാലിന്യ പരിപാലന പദ്ധതി' (H/A 2217-80-800-71) എന്ന പദ്ധതിയുടെ ഓരോ ഘടകത്തിനും പ്രത്യേകമായി തുകവകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയിൽ ഇതിനോടകം ഭരണാനുമതി നൽകിയിട്ടുള്ള 1909/- ലക്ഷം രൂപയിൽ നിന്നും 413.39/- ലക്ഷം രൂപ മഴക്കാല പൂർവ്വശുചീകരണ ക്യാമ്പയിന് വകയിരുത്തികൊണ്ടും പരാമർശം (1)-ലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ പറഞ്ഞ ഭേദഗതികളോടെ പരാമർശം(1)-ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

4. ഗ്രാമ പ്രദേശങ്ങളിലെ മഴക്കാലപൂർവ ശുചീകരണ ക്യാമ്പയിന് വേണ്ടി 2515-00-101-68 (റൂറൽ) എന്ന കണക്ക് ശീർഷകത്തിൽ നിന്ന് 1514.38 ലക്ഷം രൂപയും നഗര പ്രദേശങ്ങളിലെ മഴക്കാലപൂർവ ശുചീകരണ ക്യാമ്പയിന് വേണ്ടി 2217-80-800-71 (അർബൻ ) എന്ന കണക്ക് ശീർഷകത്തിൽ നിന്ന് 314.64 ലക്ഷം രൂപയും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിലുള്ള സ്പെഷ്യൽ

ടി.എസ്.ബി. അക്കൗണ്ട് നം.2-ലേക്ക നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും അനുമതി നല്കുന്നു. നടപ്പ് സാമ്പത്തിക വർഷം തന്നെ തുകയുടെ ധനവിനിയോഗം ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സിന്ധു എൽ**
**ഗവ.സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തിക കാര്യ (A) വകുപ്പ് (U.O.Note No.A2/33/2018-PLGE )
ധനകാര്യ (ഡവലപ്മെന്റ് വിങ്) വകുപ്പ് (U.O.Note No.Dev-2/4/2018-Fin (E- 713777))
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ